




എ.വൈ.ആർ


സൂറ-18

# അൽ കഹ്ഫ്

فَانطَلَقَا حَتَّىٰٓ إِذَا لَقِيَا غُلَٰمًا فَقَتَلَهُۥ قَالَ أَقَتَلْتَ نَفْسًا زَكِيَّةًۢ بِغَيْرِ نَفْسٍ
لَّقَدْ جِئْتَ شَيْـًٔا نُّكْرًا ٧٤

**74.** അനന്തരം ഇരുവരും യാത്ര തുടർന്നു. ഇടക്കവർ ഒരു ബാലനെ കണ്ടുമുട്ടി. അദ്ദേഹം ആ ബാലനെ കൊന്നുകളഞ്ഞു. മൂസാ ചോദിച്ചു: അങ്ങ് ഒരു നിരപരാധിയെ കൊന്നുകളഞ്ഞതെന്ത്? അവൻ ആരെയും കൊന്നിട്ടില്ലല്ലോ. ഇച്ചെയ്തത് ഒരു ക്രൂര കൃത്യമായിപ്പോയി.

۞ قَالَ أَلَمْ أَقُل لَّكَ إِنَّكَ لَن تَسْتَطِيعَ مَعِىَ صَبْرًا
٧٥

**75.** അദ്ദേഹം ചോദിച്ചു: എന്റെ കൂടെ ക്ഷമിച്ചു കഴിയാനാവില്ലെന്ന് ഞാൻ നേരത്തെ നിങ്ങളോടു പറഞ്ഞിരുന്നില്ലെയോ?

قَالَ إِن سَأَلْتُكَ عَن شَىْءٍۭ بَعْدَهَا فَلَا تُصَٰحِبْنِى ۖ قَدْ بَلَغْتَ
مِن لَّدُنِّى عُذْرًا ٧٦

**76.** മൂസാ ബോധിപ്പിച്ചു: ഇനിയും വല്ലതും ചോദിക്കുകയാണെങ്കിൽ അങ്ങ് എന്നെ സഹയാത്രികനാക്കേണ്ടതില്ല. എന്നെ പിരിച്ചയക്കാൻ മതിയായ കാരണം അങ്ങേക്ക് ലഭിച്ചുകഴിഞ്ഞു.

فَانطَلَقَا حَتَّىٰٓ إِذَآ أَتَيَآ أَهْلَ قَرْيَةٍ ٱسْتَطْعَمَآ أَهْلَهَا فَأَبَوْا۟ أَن يُضَيِّفُوهُمَا
فَوَجَدَا فِيهَا جِدَارًا يُرِيدُ أَن يَنقَضَّ فَأَقَامَهُۥ ۖ قَالَ لَوْ شِئْتَ لَتَّخَذْتَ عَلَيْهِ
أَجْرًا ٧٧

**77.** അവർ പിന്നെയും യാത്ര തുടർന്നു. അങ്ങനെ ഒരു പട്ടണത്തിലെത്തിച്ചേർന്നു. അവർ നാട്ടുകാരോട് ആഹാരം ആവശ്യപ്പെട്ടു. അവർക്കാതിഥ്യം നൽകാൻ നാട്ടുകാർ കൂട്ടാക്കിയില്ല. അദ്ദേഹവും മൂസായും അവിടെ ഒരു പൊളിഞ്ഞുവീഴാറായ മതിൽ കണ്ടെത്തി. അദ്ദേഹം അതു നേരെയാക്കി സ്ഥാപിച്ചു. മൂസാ പറഞ്ഞു: അങ്ങ് വിചാരിച്ചിരുന്നുവെങ്കിൽ ഈ അധ്വാനത്തിന് വേതനം വാങ്ങാമായിരുന്നു.

قَالَ هَٰذَا فِرَاقُ بَيْنِى وَبَيْنِكَ ۚ سَأُنَبِّئُكَ بِتَأْوِيلِ مَا لَمْ تَسْتَطِع عَّلَيْهِ
صَبْرًا ٧٨

**78.** അദ്ദേഹം പറഞ്ഞു: മതി, നമ്മുടെ സഹയാത്ര ഇവിടെ അവസാനിച്ചിരിക്കുന്നു. നിങ്ങൾക്ക് ക്ഷമിക്കാൻ കഴിയാതെ പോയ സംഗതികളുടെ യാഥാർഥ്യം ഇനി ഞാൻ വിശദീകരിച്ചുതരാം.

أَمَّا ٱلسَّفِينَةُ فَكَانَتْ لِمَسَٰكِينَ يَعْمَلُونَ فِى ٱلْبَحْرِ فَأَرَدتُّ أَنْ أَعِيبَهَا
وَكَانَ وَرَآءَهُم مَّلِكٌ يَأْخُذُ كُلَّ سَفِينَةٍ غَصْبًا ٧٩

**79.** എന്നാൽ ആ കപ്പലിന്റെ കാര്യം; കടലിൽ പണിയെടുത്തു ജീവിക്കുന്ന പാവങ്ങളുടേതായിരുന്നു അത്. ഞാനതിനെ കേടുവന്ന കപ്പലാക്കാൻ തീരുമാനിച്ചു. എന്തുകൊണ്ടെന്നാൽ അവർക്കു പിന്നിൽ നല്ല കപ്പലുകളൊക്കെയും ബലാൽക്കാരം പിടിച്ചെടുക്കുന്ന ഒരു രാജാവുണ്ടായിരുന്നു.

فَانطَلَقَا = അപ്പോൾ (അനന്തരം) ഇരുവരും പോയി (യാത്ര തുടർന്നു)

حَتَّىٰٓ إِذَا لَقِيَا غُلَـٰمًا = ഇരുവരും ഒരു ബാലനെ കണ്ടുമുട്ടുവോളം (ഇടക്കവർ ഒരു ബാലനെ കണ്ടുമുട്ടി)

فَقَتَلَهُۥ = അപ്പോൾ അദ്ദേഹം അവനെ കൊന്നുകളഞ്ഞു قَالَ = അദ്ദേഹം പറഞ്ഞു (മൂസാ ചോദിച്ചു)

أَقَتَلْتَ = അങ്ങ് കൊന്നുകളഞ്ഞുവോ(ളഞ്ഞതെന്ത്) نَفْسًا زَكِيَّةًۢ = പരിശുദ്ധമായ ഒരു ജീവനെ(നിരപരാധിയെ)

بِغَيْرِ نَفْسٍ = ഒരു ജീവന്റെ പേരിലല്ലാതെ (അവൻ ആരെയും കൊന്നിട്ടില്ലല്ലോ)

لَّقَدْ جِئْتَ = തീർച്ചയായും അങ്ങ് കൊണ്ടുവന്നു (ഇച്ചെയ്തത്)

شَيْـًٔا نُّكْرًا = തിന്മയായ സംഗതി (ഒരു ക്രൂര കൃത്യമായിപ്പോയി) قَالَ = അദ്ദേഹം പറഞ്ഞു

أَلَمْ أَقُل لَّكَ = ഞാൻ നിങ്ങളോട് (നേരത്തെ) പറഞ്ഞിരുന്നില്ലെയോ

إِنَّكَ لَن تَسْتَطِيعَ مَعِىَ صَبْرًا = നിങ്ങൾക്ക് ഒരിക്കലും എന്റെ കൂടെ ക്ഷമ(ിച്ചു കഴിയാൻ) കഴിയില്ലെന്ന്

قَالَ = അദ്ദേഹം പറഞ്ഞു(മൂസാ ബോധിപ്പിച്ചു) إِن سَأَلْتُكَ = ഞാൻ അങ്ങയോടു ചോദിക്കുകയാണെങ്കിൽ

عَن شَىْءٍۭ = ഒരു വസ്തുവിനെക്കുറിച്ച് (വല്ലതും) بَعْدَهَا = ഇതിനുശേഷം (ഇനിയും)

فَلَا تُصَـٰحِبْنِى ۖ = അങ്ങ് എന്നെ സഹവസി(സഹയാത്രികനാക്കേണ്ടതില്ല)പ്പിക്കേണ്ട

قَدْ بَلَغْتَ = അങ്ങ് പ്രാപിച്ചു(അങ്ങേക്ക് ലഭിച്ചു കഴിഞ്ഞു) مِن لَّدُنِّى = എന്റെ പക്കൽനിന്ന് (എന്നെ പിരിച്ചയക്കാൻ)

عُذْرًا = (മതിയായ) ന്യായം, ഒഴികഴിവ് فَانطَلَقَا = അപ്പോൾ ഇരുവരും പോയി(അവർ പിന്നെയും യാത്ര തുടർന്നു)

حَتَّىٰٓ إِذَآ أَتَيَآ = ഇരുവരും എത്തുവോളം (അങ്ങനെ എത്തിച്ചേർന്നു) أَهْلَ قَرْيَةٍ = ഒരു പട്ടണ(ത്തിൽ)ക്കാരിൽ

ٱسْتَطْعَمَآ = ഇരുവരും ഭക്ഷണമാവശ്യപ്പെട്ടു أَهْلَهَا = അതിന്റെ ആളുകളോട് (നാട്ടുകാരോട്)

فَأَبَوْا۟ = അവർ (നാട്ടുകാർ) വിസമ്മതിച്ചു, കൂട്ടാക്കിയില്ല أَن يُضَيِّفُوهُمَا = ഇരുവർക്കും ആതിഥ്യം നൽകാൻ

فَوَجَدَا فِيهَا = ഇരുവരും അവിടെ കണ്ടെത്തി جِدَارًا = ഒരു മതിൽ

يُرِيدُ أَن يَنقَضَّ = തകരാൻ ഉദ്ദേശിക്കുന്ന (പൊളിഞ്ഞുവീഴാറായ)

فَأَقَامَهُۥ ۖ = അദ്ദേഹം അത് നിലനിർത്തി (ശരിയാക്കി സ്ഥാപിച്ചു) قَالَ = (മൂസാ) പറഞ്ഞു

لَوْ شِئْتَ = അങ്ങ് വിചാരിച്ചിരുന്നുവെങ്കിൽ لَتَّخَذْتَ = തീർച്ചയായും അങ്ങേക്ക് എടുക്കാ(വാങ്ങാ)മായിരുന്നു

عَلَيْهِ = അതിന്മേൽ (ഈ അധ്വാനത്തിന്) أَجْرًا = വേതനം قَالَ = അദ്ദേഹം പറഞ്ഞു

هَـٰذَا فِرَاقُ بَيْنِى وَبَيْنِكَ ۚ = ഇത് ഞാനും നിങ്ങളും തമ്മിലുള്ള വേർപിരിയലാകുന്നു

(മതി, നമ്മുടെ സഹയാത്ര ഇവിടെ അവസാനിച്ചിരിക്കുന്നു)

سَأُنَبِّئُكَ = ഇനി ഞാൻ നിങ്ങളോട് പറയാം (വിശദീകരിച്ചുതരാം) بِتَأْوِيلِ = വ്യാഖ്യാനം, (യാഥാർഥ്യം)

مَا لَمْ تَسْتَطِع عَّلَيْهِ صَبْرًا = നിങ്ങൾക്ക് ക്ഷമ സാധ്യമാകാതിരുന്നത് എന്താണോ അത്

(നിങ്ങൾക്ക് ക്ഷമിക്കാനാവാതെപോയ സംഗതികളുടെ)

أَمَّا ٱلسَّفِينَةُ = എന്നാൽ ആ കപ്പൽ(ലിന്റെ കാര്യം) فَكَانَتْ = അത് ആയി (ആകുന്നു) لِمَسَـٰكِينَ = പാവങ്ങളുടേത്

يَعْمَلُونَ = അവർ പ്രവർത്തിക്കുന്നു(പണിയെടുത്തു ജീവിക്കുന്ന) فِى ٱلْبَحْرِ = കടലിൽ

فَأَرَدتُّ = അപ്പോൾ ഞാൻ കരുതി (തീരുമാനിച്ചു) أَنْ أَعِيبَهَا = ഞാൻ അതിനെ കേടാക്കാൻ(കേടുവന്ന കപ്പലാക്കാൻ)

وَكَانَ وَرَآءَهُم = അവർക്കു പിന്നിൽ ഉണ്ടായിരുന്നു مَّلِكٌ = ഒരു രാജാവ് يَأْخُذُ = (പിടിച്ച്) എടുക്കുന്നു(ന്ന)

كُلَّ سَفِينَةٍ = (നല്ല) കപ്പലുകളൊക്കെയും غَصْبًا = കൊള്ളയായിട്ട്(ബലാൽക്കാരം)

**74-76.** ഖിളിര്‍ മൂസാനബിയുടെ ക്ഷമാപണം സ്വീകരിച്ചു. അവര്‍ സഹയാത്ര തുടര്‍ന്നു. കുറെ ചെന്നപ്പോള്‍ വഴിയില്‍ ഒരു ബാലനെ കണ്ടുമുട്ടി. ഒരു പ്രകോപനവുമില്ലാതെ ഖിളിര്‍ ആ കുട്ടിയെ പിടിച്ചുകൊന്നുകളഞ്ഞു. അതു കണ്ട് മൂസാനബി വീണ്ടും പ്രകോപിതനായി. അദ്ദേഹം ചോദിച്ചു: നിരപരാധിയായ ആ കുഞ്ഞിനെ കൊന്നുകളഞ്ഞതെന്തിന്? ഒരാളെ കൊല്ലാനുള്ള ന്യായം അയാള്‍ മറ്റൊരാളുടെ ഘാതകനായിരിക്കുകയാണല്ലോ. ഈ പാവം കുട്ടിയാവട്ടെ ആരെയും കൊന്നിട്ടില്ല. അങ്ങ് ഇച്ചെയ്തത് വലിയ ക്രൂര കൃത്യം തന്നെ ആയിപ്പോയി. شيئا نكرا -എന്നാണ് മൂലവാക്ക്. സാമാന്യ ബുദ്ധി വെറുക്കുന്നതും പൊതുധര്‍മത്തിന് വിരുദ്ധവുമായ നീചകൃത്യമാണ് نكر.

ഇപ്രാവശ്യവും ഖിളിര്‍ അക്ഷോഭ്യനായി, തുടക്കത്തില്‍ താന്‍ പറഞ്ഞ കാര്യം ഓര്‍മിപ്പിക്കുകയാണ് ചെയ്തത്. ശിഷ്യനെ ആക്ഷേപിക്കുകയോ പിരിച്ചുവിടുകയോ ചെയ്തില്ല. ഉന്നതമായ ഗുരുധര്‍മം പാലിക്കുകയായിരുന്നു അദ്ദേഹം. അച്ചടക്ക ലംഘനം കണ്ട ഉടനെ ശിഷ്യന്മാരെ ആട്ടിപ്പായിക്കുന്നത് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തിനു നിരക്കുന്ന നടപടിയല്ല. തെറ്റു മനസ്സിലാക്കിയ മൂസാ നബിക്ക് തന്റെ ക്ഷമാപണം പഴയ പടി ആവര്‍ത്തിക്കാന്‍ മടി തോന്നിയിരിക്കണം. ഒരവസരവും കൂടി തനിക്കു നല്‍കണമെന്നപേക്ഷിക്കുകയാണ് അദ്ദേഹം ചെയ്തത്. ഒരിക്കല്‍ കൂടി താന്‍ വല്ലതും ചോദിച്ചാല്‍ ഉടനെ പിരിച്ചു വിട്ടുകൊള്ളുക. എന്നില്‍നിന്ന് അങ്ങേക്കതിന് ന്യായമായ കാരണം ലഭിച്ചിരിക്കുന്നു. അതായത് ആ പിരിച്ചുവിടലിന്റെ ഉത്തരവാദി ഞാനാണ്, അങ്ങ് അല്ല. ഖിളിര്‍ ഈ അഭ്യര്‍ഥനയും സ്വീകരിച്ചു.

**77-78.** അനന്തരം ആ ഗുരുശിഷ്യന്മാര്‍ യാത്ര തുടര്‍ന്നു. അങ്ങനെ ഒരു പട്ടണത്തിലെത്തിച്ചേര്‍ന്നു. قرية എന്ന മൂലപദം നാട്, ഗ്രാമം, നഗരം എന്നീ അര്‍ഥങ്ങളിലെല്ലാം ഉപയോഗിക്കുന്നതാണ്. രണ്ടുപേര്‍ക്കും നല്ല വിശപ്പുണ്ടായിരുന്നു. അവര്‍ നാട്ടുകാരോട് ആഹാരമാവശ്യപ്പെട്ടു. ഏതു നാട്ടിലുമുള്ള മാന്യന്മാര്‍ സഞ്ചാരികള്‍ക്ക് ആതിഥ്യമരുളുന്നത് സൗഭാഗ്യമായി കരുതുന്നവരാണ്. പക്ഷേ, ഈ നാട്ടുകാര്‍ ആ സംസ്കാരമുള്ളവരായിരുന്നില്ല. മൂസായെയും ഖിളിറിനെയും പോലുള്ള പുണ്യപുരുഷന്മാരായ രണ്ടു സഞ്ചാരികള്‍ക്ക് അവര്‍ ആവശ്യപ്പെട്ടിട്ടുപോലും ആഹാരം നല്‍കാന്‍ നാട്ടുകാര്‍ കൂട്ടാക്കിയില്ല. ഇത്ര നിര്‍ദയമായി പെരുമാറിയിട്ടും ഖിളിര്‍ അവരെ വെറുക്കുകയോ ആക്ഷേപിക്കുകയോ ചെയ്തില്ല. അവിടെ തകര്‍ന്നുവീഴാറായി നില്‍ക്കുന്നതു കണ്ട ഒരു മതില്‍ ഏറെ അധ്വാനിച്ച് കേട്തീര്‍ത്തു നേരെ നിര്‍ത്തുകയാണദ്ദേഹം ചെയ്തത്. മൂസാ(അ)ക്ക് ഈ നടപടിയും ഉള്‍ക്കൊള്ളാനായില്ല. നേരത്തെ നല്‍കിയ വാഗ്ദാനം മറന്ന് അദ്ദേഹം പറഞ്ഞുപോയി: ''ഈ നീചന്മാര്‍ക്കുവേണ്ടി അങ്ങ് ഇത്രയൊക്കെ ക്ലേശിച്ചധ്വാനിച്ചതെന്തിനാണ്? ഒന്നുമില്ലെങ്കില്‍, ഈ ജോലിയുടെ കൂലിയെങ്കിലും അവരോട് വാങ്ങിക്കൂടെയോ? എങ്കില്‍ വല്ലതും വാങ്ങിത്തിന്ന് പശിയടക്കാമല്ലോ.'' ''മതി സഹോദരാ, ഇപ്പോള്‍ ന്യായം പൂര്‍ത്തിയായിക്കഴിഞ്ഞു. ഇനിയും വല്ലതും ചോദിച്ചാല്‍ ഞാന്‍ നിങ്ങളെ സഹയാത്രികനാക്കേണ്ടതില്ലെന്നു നിങ്ങള്‍ തന്നെ വിധിച്ചതാണല്ലോ. അതിനാല്‍ നമുക്കുപിരിയാം. നിങ്ങള്‍ക്ക് ക്ഷമിക്കാനാവാതെ പോയ കാര്യങ്ങളുടെ യാഥാര്‍ഥ്യം ഇനി ഞാന്‍ വിശദീകരിച്ചുതരുന്നുണ്ട്.'' ഖിളിര്‍ ഈവിധം വേര്‍പാട് പ്രഖ്യാപിച്ചത് മൂസാനബി നേരത്തെ ചെയ്ത വാഗ്ദാനത്തിന്റെ അടിസ്ഥാനത്തില്‍ മാത്രമാവണമെന്നില്ല. മൂസാനബിയെ പഠിപ്പിക്കാന്‍ താന്‍ ആഗ്രഹിച്ച, അല്ലെങ്കില്‍ അല്ലാഹു തന്നെ ചുമതലപ്പെടുത്തിയ കാര്യങ്ങള്‍ പഠിപ്പിച്ചുകഴിഞ്ഞതുകൊണ്ടുമാവാം.

**79.** ഹസ്രത്ത് ഖിളിര്‍ അല്ലാഹു തന്നെകൊണ്ട് ചെയ്യിച്ച ഓരോ ചെയ്തിയുടെയും യുക്തി മൂസാനബിക്ക് വിശദീകരിച്ചുകൊടുക്കുകയാണ്. അദ്ദേഹം കേടുവരുത്തിയ കപ്പല്‍ കുറെ പാവങ്ങളായ തൊഴിലാളികളുടേതായിരുന്നു. അതുപയോഗിച്ച് കടലില്‍ പണിയെടുത്ത് ഉപജീവനം കഴിക്കുന്നവരാണവര്‍. മത്സ്യത്തൊഴിലാളികളായിരുന്നുവോ, അതല്ല കടത്തുകാരായിരുന്നുവോ അവരെന്ന് ഇവിടെ വ്യക്തമാക്കിയിട്ടില്ല. രണ്ടായാലും ആ കപ്പലില്‍ അല്ലെങ്കില്‍ തോണി ആയിരുന്നു അവരുടെ ജീവിതാധാരം. കുറച്ചപ്പുറത്ത് ഒരു രാജാവുണ്ടായിരുന്നു. وراءهم-അവര്‍ക്കു പിന്നില്‍ എന്നാണ് മൂല വാക്ക്. ഉപരി, മുന്നില്‍, അപ്പുറം തുടങ്ങിയ അര്‍ഥങ്ങളിലും وراء ഉപയോഗിക്കും. അവര്‍ക്കു മുന്നില്‍ അഥവാ അവര്‍ മുന്നോട്ടുപോയാല്‍ ഒരു രാജാവിന്റെ പ്രദേശമുണ്ടായിരുന്നു എന്നാണ് ചിലര്‍ അര്‍ഥം കല്‍പ്പിച്ചിരിക്കുന്നത്. പിന്നില്‍ എന്ന് അര്‍ഥത്തിലെടുക്കുമ്പോള്‍ അവര്‍ക്കു പിറകെ ഒരു രാജാവ് വരുന്നുണ്ടായിരുന്നു എന്നാകും ആശയം. ആ രാജാവ് താനുദ്ദേശിക്കുന്ന ഒരു പടപ്പുറപ്പാടിനുവേണ്ടി നല്ല കപ്പലുകള്‍ ശേഖരിക്കുന്നതിലേര്‍പ്പെട്ടിരിക്കുകയാണ്. സുരക്ഷിതമായ കപ്പല്‍ ആരുടെ കൈവശം കണ്ടാലും അദ്ദേഹം അത് ബലാല്‍ക്കാരം പിടിച്ചെടുക്കും. ഈ തൊഴിലാളികളുടെ കപ്പലിന് കേടൊന്നുമുണ്ടായിരുന്നില്ല. ആ നിലയില്‍ രാജാവ് അതു കണ്ടാല്‍ അവര്‍ക്കാ കപ്പല്‍ നഷ്ടപ്പെട്ടതു തന്നെ. അങ്ങനെ ആ പാവങ്ങളുടെ ഉപജീവനം മുട്ടും. എന്നാല്‍ കേടുള്ള കപ്പലുകളൊന്നും രാജാവിനാവശ്യമുണ്ടായിരുന്നില്ല. ഞാന്‍ ആ കപ്പല്‍, രാജാവിന് താല്‍പര്യം തോന്നാത്തവണ്ണം കേടുപാടുള്ളതാക്കിക്കൊണ്ട് അതിനെയും അതിന്റെ ഉടമകളായ പാവങ്ങളെയും രക്ഷിക്കുകയാണ് ചെയ്തത്.

ആപത്തുകളിലൊളിഞ്ഞു കിടക്കുന്ന അനുഗ്രഹത്തിനൊരു ഉദാഹരണമാണിത്. പാവങ്ങളായ സജ്ജനങ്ങള്‍ക്ക് ശാരീരികമോ സാമ്പത്തികമോ ആയ വല്ല അഹിതങ്ങളുമുണ്ടാകുന്നുവെങ്കില്‍ അതിനകത്ത് അവര്‍ക്കുതന്നെ എന്തെങ്കിലും നേട്ടങ്ങളും മറഞ്ഞിരിപ്പുണ്ടായിരിക്കും. അത്തരം സന്ദര്‍ഭങ്ങളില്‍ ക്ഷമാപൂര്‍വം അല്ലാഹുവിന്റെ വിധി തൃപ്തിപ്പെടുകയാണ് വേണ്ടത്. അവന്റെ ഒരു തീരുമാനവും യുക്തിയില്‍നിന്നും നന്മയില്‍നിന്നും മുക്തമായിരിക്കുകയില്ലെന്നും ആ യുക്തിയും നന്മയും പെട്ടെന്ന് നമുക്ക് തിരിച്ചറിയാനാവില്ലെന്നും നന്നായി മനസ്സിലാക്കുക. നമ്മളും ചുറ്റുമുള്ളവരും മഹാദൗര്‍ഭാഗ്യങ്ങളായി കണ്ട ചില സംഭവങ്ങള്‍ പില്‍ക്കാലത്ത് അനുഗ്രഹനിമിത്തങ്ങളായിത്തീര്‍ന്ന അനുഭവങ്ങള്‍, ഓര്‍ത്തുനോക്കിയാല്‍ ഓരോരുത്തരുടെയും ജീവിതത്തില്‍ കാണാവുന്നതാണ്. ■